# മീനാകുമാരിയോ വുൻഡ്രുവോ പ്രശ്നം?

2014 നവംബർ 12ന് കേന്ദ്ര കൃഷി മന്ത്രാലയത്തിലെ ഫിഷറീസ് വിഭാഗം ജോയിന്റ് സെക്രട്ടറി ഡോ. രാജാശേഖർ വുൻഡ്രു ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള പുതിയ നിർദ്ദേശങ്ങൾ പുറത്തിറക്കിയിരിക്കുകയാണ്. അതോടെ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന് പ്രസക്തി നഷ്ടമായിരിക്കുന്നു.  ഡോ. വുൻഡ്രുവിന്റെ നിർദ്ദേശങ്ങളാണ് ഇപ്പോൾ മുഖ്യമായും വിലയിരുത്തേണ്ടത്.

**എ.ജെ. വിജയൻ**

**ആഴക്കടൽ** മത്സ്യബന്ധനനയം പുനഃപരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട കേന്ദ്ര ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ബി. മീനാകുമാരി അദ്ധ്യക്ഷയായ വിദഗ്ദ്ധ സമിതി നൽകിയ റിപ്പോർട്ടിനെക്കുറിച്ചുള്ള സംവാദങ്ങൾ തുടരുകയാണ്. 2014 ആഗസ്റ്റ് ആറിന് സമർപ്പിക്കപ്പെട്ടിരിക്കുന്ന മീനാകുമാരി സമിതിയുടെ ശുപാർശകൾ ആഴക്കടൽ മത്സ്യബന്ധനം വിദേശ കപ്പലുകൾക്ക് അടിയറവയ്ക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത് എന്നതുകൊണ്ടാണ് പരമ്പരാഗത മത്സ്യബന്ധ മേഖലകളിൽ നിന്നും റിപ്പോർട്ടിനെതിരെ വലിയ പ്രതിഷേധങ്ങൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. അതേസമയം 2014 നവംബർ 12ന് കേന്ദ്ര കൃഷി മന്ത്രാലയത്തിലെ ഫിഷറീസ് വിഭാഗം കൈകാര്യം ചെയ്യുന്ന ഉന്നത ഉദ്യോഗസ്ഥനായ ജോയിന്റ് സെക്രട്ടറി ഡോ. രാജാശേഖർ വുൻഡ്രു ആഴക്കടൽ മത്സ്യബന്ധനത്തിനായി പുതിയ നിർദ്ദേശങ്ങൾ പുറത്തിറക്കുകയുണ്ടായി. ആഴക്കടൽ മത്സ്യബന്ധനത്തെക്കുറിച്ചുള്ള പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറത്തിറങ്ങിയതോടെ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന് പ്രസക്തിയില്ലാതെയായിരിക്കുകയാണ്. ഡോ. വുൻഡ്രു മുന്നോട്ടുവച്ച ആഴക്കടൽ മത്സ്യബന്ധനത്തെക്കുറിച്ചുള്ള പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പരിശോധിക്കുകയും വിശകലനം ചെയ്യുകയുമാണ് ഇപ്പോൾ പ്രധാനം. എന്താണ് വുൻഡ്രുവിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ ഉള്ളടക്കമെന്നോ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണോ അത് തയ്യാറാക്കപ്പെട്ടിരിക്കുന്നതെന്നോ ചർച്ചകൾ ഒട്ടുമേ നടക്കുന്നില്ല. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് മാത്രം നടക്കുന്ന ചർച്ചകൾ അടിയന്തരമായി ഈ മേഖലയിൽ കൂടി ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. കാരണം ഒരു പഠന കമ്മീഷന്റെ ശുപാർശകളേക്കാൾ പ്രധാനമാണ് സർക്കാർ ആ വിഷയത്തിൽ എടുത്ത തീരുമാനങ്ങളും നടപടികളും. വുൻഡ്രുവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും അത് മീനാകുമാരി കമ്മീഷൻ ശുപാർശകളുമായി എത്രമാത്രം പൊരുത്തപ്പെടുന്നെന്നും നോക്കാം.

**വുൻഡ്രുവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ**

കേന്ദ്ര സർക്കാറിന്റെ അധികാര പരിധിയിലുള്ള കടലിലെ (12 മൈൽ തുടങ്ങി 200 മൈൽ വരെയുള്ള



ഇ.ഇ.ഇസഡ്-എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ) മീൻപിടുത്തത്തിന് ബാധകമായ കാര്യങ്ങളാണ് വുൻഡ്രു നിർദ്ദേശിക്കുന്നത്. തീരത്തുനിന്നും 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള കടലിലെ മീൻപിടുത്തം എന്നാണ് അദ്ദേഹം ആഴക്കടൽ മത്സ്യബന്ധനത്തെ നിർവചിക്കുന്നത്. ഇവിടെ മീൻപിടിക്കുന്ന 15 മീറ്ററിൽ കൂടുതൽ നീളമുള്ള ഉരു ഉപയോഗിക്കുന്ന ഏതൊരു ഇന്ത്യൻ പൗരനും കമ്പനിക്കും 51 ശതമാനം ഇന്ത്യൻ ഓഹരിയുള്ള സംയുക്ത സംരംഭത്തിനും ഈ നിർദ്ദേശങ്ങൾ ബാധകമാണ്.

ഈ പറയുന്ന വ്യവസ്ഥകൾ പ്രകാരമുള്ള ഉരുവിന് ഇന്ത്യൻ സർക്കാറിന്റെ അധികാരപരിധിയിലുള്ള കടലിൽ നിന്നും മീൻപിടിക്കണമെങ്കിൽ കേന്ദ്ര ഫിഷറീസ് വകുപ്പിൽ നിന്നും രേഖാമൂലമുള്ള അനുമതി ആവശ്യമാണ്. ഈ ഉരുക്കൾ സംസ്ഥാന സർക്കാറിന്റെ അധികാരപരിധിയിലുള്ള കടലിൽ (12 മൈൽ വരെ) മീൻപിടിക്കാൻ പാടില്ല. സർക്കാർ നിരോധിക്കുന്ന കാലയളവിൽ മീൻപിടുത്തം പാടില്ല. ബോട്ടം ട്രോളിംഗ്, പെയർ ട്രോളിംഗ്, ബുൾ ട്രോളിംഗ് തുടങ്ങിയ നിയമേതര മീൻപിടുത്ത രീതികളും ഒഴിവാക്കണം. ഉരുവിൽ വിദേശ തൊഴിലാളികളെ ജോലിക്ക് നിയമിച്ചാൽ ആ വിവരം വകുപ്പിനെ അറിയിക്കണം. മീൻപിടുത്തം തുടങ്ങുകയും തീരുകയും ചെയ്യുന്ന തീയതികൾ കോസ്റ്റ് ഗാർഡിനെ അറിയിക്കണം. 2014 നവംബർ 28ന് ഇറങ്ങിയ പബ്ലിക് നോട്ടീസിൽ പറയുന്നത്, മീൻപിടിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം 10000 രൂപ പ്രോസസിംഗ് ഫീസും വേണമെന്നാണ്. യോഗ്യരായ അപേക്ഷകർക്ക് ഒരു വർഷത്തെ താത്കാലിക അനുമതിയും തുടർന്ന് അഞ്ച് വർഷത്തെ മത്സ്യബന്ധനാനുമതിയുമാണ് നൽകുന്നത്.

**ആരെയാണ് ബാധിക്കുന്നത്?**

വുൻഡ്രു ഈ പറയുന്ന നിർദ്ദേശങ്ങൾ തീർച്ചയായും ചെറുകിട മത്സ്യബന്ധന മേഖലയെയാണ് ബാധിക്കാൻ പോകുന്നത്. അതെങ്ങനെ എന്ന് നോക്കാം. നിലവിൽ സംസ്ഥാന സർക്കാറിന്റെ അധീനതയിലുള്ള 12 മൈൽ വരെയുള്ള കടലിലാണ് ചെറുകിട ഫിഷിംഗ് ബോട്ടുകൾ മത്സ്യബന്ധനം നടത്തുന്നത്. 12 മൈലിന് അപ്പുറം മത്സ്യബന്ധനം നടത്തണമെങ്കിൽ കേന്ദ്രത്തിന്റെ അനുമതിയും ഉരുവിന് 15 മീറ്ററിൽ കൂടുതൽ നീളവും വലിയ തുക ഫീസായി നൽകുകയും വേണം. ഇക്കാര്യങ്ങൾ പരിഗണിച്ചാൽ, നിലവിൽ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾ മിക്കതും 12 മൈലിനുള്ളിലേക്ക് (തീരക്കടലിൽ) മീൻപിടിക്കാനെത്തിത്തുടങ്ങും.

**എന്താണ് മീനാകുമാരി റിപ്പോർട്ട്?**

കഴിഞ്ഞ യു.പി.എ സർക്കാറിന്റെ കാലത്താണ് (2013 ആഗസ്റ്റ് 1) ആഴക്കടൽ മത്സ്യബന്ധനനയം പുനരവലോകനം ചെയ്യാൻ മീനാകുമാരി കമ്മീഷനെ നിയോഗിക്കന്നത്. 2014 ആഗസ്റ്റ് 6ന് ആണ് അവർ റിപ്പോർട്ട് സമർപ്പിക്കുന്നത്. നാല് പരിഗണനാവിഷയങ്ങളായിരുന്നു കമ്മീഷനുണ്ടായിരുന്നത്. 2004ലെ സമഗ്രമായ കടൽ മത്സ്യമേഖലാ നയം അവലോകനം ചെയ്യുക. പുതിയൊരു നയം നിർദ്ദേശിക്കുക എന്നതായിരുന്നു അതിൽ മുഖ്യം. എന്നാൽ 2013 ൽ യു.പി.എ സർക്കാർ ഇങ്ങനെയൊരു കമ്മീഷനെ നിയോഗിച്ചതിന്റെ സാഹചര്യം എന്തായിരുന്നു എന്നത് ഇപ്പോഴും വ്യക്തമല്ല. മത്സ്യനയത്തിന്റെ അവലോകനമായിരുന്നു മുഖ്യപരിഗണനാ വിഷയമെങ്കിലും ആഴക്കടൽ മത്സ്യബന്ധന നയവും മാർഗ്ഗ നിർദ്ദേശങ്ങളും പുനരവലോകനം ചെയ്യുകയായിരുന്നു ലക്ഷ്യമെന്ന് കമ്മീഷന്റെ തലക്കെട്ടിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ നിലവിലുണ്ടായിരുന്ന ആഴക്കടൽ മത്സ്യബന്ധന നയം പുനരവലോകനം ചെയ്യുന്നതിനുള്ള സാഹചര്യം എന്തായിരുന്നു എന്ന് എവിടെയും പറയുന്നില്ല.

**മീനാകുമാരിയുടെ പ്രധാന ശുപാർശകൾ**

കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങളെ ഈവിധം മൂന്നായി ചുരുക്കാം.

1. തീരത്തുനിന്നും 200 മീറ്റർ വരെ ആഴമുള്ള

കടലിൽ പരമാവധിയും അമിതമായും മീൻ പിടുത്തം നടക്കുന്നതിനാൽ പരിപാലന നിയന്ത്രണ നടപടികൾ വേണം. 2. 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള കടൽ ബഫർ സോൺ (ആർക്കും മീൻപിടിക്കാൻ അനുവാദമില്ലാത്ത സ്ഥലം) ആക്കണം. 3. 500 മീറ്ററിൽ കൂടുതൽ ആഴമുള്ള കടലിൽ മാത്രം മീൻ പിടിക്കാൻ 1178 ഉരുക്കൾക്ക് ആകാം. ഇപ്പോഴുള്ളവ കൂടാതെ 270 കൂടി ഇവിടെ അനുവദിക്കാം.

മീനാകുമാരി കമ്മീഷൻ ആഴത്തിന്റെ അടിസ്ഥാനത്തിലാണ് ആഴക്കടൽ മത്സ്യബന്ധന ഉരുക്കൾക്ക് പരിധി നിശ്ചയിച്ചത്. 500 മീറ്റർ ആഴമുള്ള കടൽ കേരള തീരത്ത് 50 മുതൽ 100 മീറ്റർ വരെ അകലെയാണ്. വുൻഡ്രു തീരത്തുനിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലാണ് ആഴക്കടൽ ഉരുക്കൾക്ക് പ്രവർത്തന മേഖല നിർദ്ദേശിച്ചിരിക്കുന്നത് എന്നതാണ് ഇവരുടെ നിർദ്ദേശങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസം. മാത്രമല്ല വുൻഡ്രു കേന്ദ്രസർക്കാറിന്റെ പരിധിയിലുള്ള കടൽ മേഖല ഏതാണ്ട് മുഴുവനും ആഴക്കടൽ ഉരുക്കൾക്ക് തുറന്നുകൊടുക്കുന്നുണ്ട്.

എന്നാൽ മീനാകുമാരി കമ്മീഷന്റെ വിശകലനങ്ങളും ശുപാർശകളും തമ്മിൽ ഒരുപാട് വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്നുണ്ട്. നമ്മുടെ തദ്ദേശിയ ചെറുകിട മീൻപിടുത്തക്കാർ ഇന്ത്യയുടെ അധികാരപരിധിയിലെ സമുദ്രത്തിലുള്ള പിടിച്ചെടുക്കാവുന്ന മത്സ്യസമ്പത്ത് ഏതാണ്ട് പൂർണ്ണമായും പിടിച്ചെടുക്കുന്നുണ്ട് എന്നാണ് മീനാകുമാരി കമ്മീഷന്റെ വിലയിരുത്തൽ. ആ വിലയിരുത്തൽ നിലനിൽക്കുമ്പോൾ തന്നെയാണ് ആഴക്കടൽ കപ്പലുകൾക്ക് വീണ്ടും ഇവിടെ അനുമതി നൽകുന്നത്. 500 മീറ്റർ ആഴത്തിനപ്പുറമുള്ള ചൂര, കണവ എന്നീ മത്സ്യങ്ങൾ പിടിച്ചെടുക്കാൻ 270 പുതിയ ഉരുക്കൾക്ക് അനുമതി നൽകാനാണ് ശുപാർശ. നിലവിൽ 908 ഉരുക്കൾക്ക് അനുമതിയുണ്ടെന്നും അതിന്റെ കൂടെയാണ് 270 പുതിയവയ്ക്ക് നൽകണമെന്നും പറയുന്നത്. ഈ ശുപാർശയാണ് ഏറ്റവുമധികം ആക്ഷേപങ്ങൾക്ക് കാരണമായിട്ടുള്ളതും. കമ്മീഷൻ നടത്തിയ വിശകലനം വായിച്ച ശേഷം ഈ ശുപാർശ കാണുന്നവർക്ക് ഇതിൽ ഉറപ്പായും ആശ്ചര്യം തോന്നും. ഡോ. രാജാശേഖർ വുൻഡ്രു തന്നെയാണ് ഈ ശുപാർശ റിപ്പോർട്ടിൽ ഉണ്ടാകണമെന്ന് നിർദ്ദേശിച്ചതെന്നാണ് മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് സൂക്ഷ്മമായി വായിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത്. മീനാകുമാരി കമ്മീഷൻ ആകെ നടത്തിയ നാല് സിറ്റിംഗുകളുടെ മിനുട്ട്സ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് സൂക്ഷ്മമായി വായിക്കുമ്പോഴാണ് വുൻഡ്രുവിന്റെ ഇടപെടൽ നമുക്ക് വ്യക്തമാകുന്നത്. കമ്മീഷനെ നിയമിച്ച ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഒന്നാമത്തെ യോഗത്തിൽ ഇദ്ദേഹം പങ്കെടുക്കുകയും തന്റെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള യോഗങ്ങളുടെ മിനുട്ട്സിൽ തദ്ദേശീയ മീൻപിടുത്ത ഉരുക്കളെ ആഴക്കടൽ മീൻപിടുത്തത്തിന് പര്യാപ്തമാക്കി വികസിപ്പിക്കണമെന്ന് നിർദ്ദേശങ്ങളുണ്ടായിരുന്നെങ്കിലും അന്തിമ റിപ്പോർട്ടിൽ വൻകിട ഉരുക്കൾക്ക് വേണ്ടിയുള്ള ശുപർശയാണ് ഇടംകണ്ടത്. കൃഷി മന്ത്രാലയത്തിലെ ഫിഷറീസ് വിഭാഗം ജോയിന്റ് സെക്രട്ടറി എന്ന നിലയിലുള്ള അധികാരം ഉപയോഗിച്ച് ഡോ. വുൻഡ്രു ഉൾച്ചേർത്ത നിർദ്ദേശമാണ് ഇതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

**കേരളത്തെ എങ്ങനെ ബാധിക്കും?**

വുൻഡ്രുവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എങ്ങനെയാണ് കേരളത്തെ ബാധിക്കാൻ പോകുന്നതെന്ന് പരിശോധിക്കാം. മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ ഏറെ ചെറുകിട മത്സ്യബന്ധന ഉരുക്കളുള്ള സംസ്ഥാനമാണ് കേരളം. 12 മൈലിന് വെളിയിലുള്ള ആഴക്കടലിൽ ഇവിടെ മത്സ്യമേഖല വളരെ സജീവവുമാണ്. പുതിയ ഉത്തരവ് കർശനമായി നടപ്പിലാക്കിയാൽ 12 മൈലിന് വെളിയിലുള്ള യന്ത്രബോട്ടുകളും, മോട്ടോർവത്കൃത വള്ളങ്ങളും നാടൻ ഉരുക്കളുമെല്ലാം 12 മൈലിന് ഉള്ളിലുള്ള തീരത്തേക്ക് എത്തുകയും അത് സംഘർഷ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും. ചെറുകിട ഉരുക്കൾ 12 മൈലിന് അപ്പുറം പോയി മീൻപിടുത്തം നടത്തിയാൽ അത് നിയമലംഘനമായി മാറുകയും ചെയ്യും. ചെറുകിട മത്സ്യബന്ധന മേഖലയ്ക്ക് ഇക്കാര്യങ്ങൾ വലിയ തിരിച്ചടിയായി മാറും. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനേക്കാൾ മാരകമായ പ്രഹരമായി ഈ നിർദ്ദേശങ്ങൾ മാറുമെന്ന് ചുരുക്കം.

അതിനാൽ മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളണമെന്ന ആവശ്യമല്ല ഇപ്പോൾ ഉയർത്തേണ്ടത്. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച ശേഷം പുറത്തുവന്നിരിക്കുന്ന ഡോ. വുൻഡ്രുവിന്റെ ആഴക്കടൽ മത്സ്യബന്ധന മാർഗ്ഗനിർദ്ദേശങ്ങൾ റദ്ദാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള സമരമാണ് തീരദേശത്ത് നിന്നും ഇപ്പോൾ ഉയർന്നുവരേണ്ടത്. ■